പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5351 15.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

" പി.ടി. തോമസ്

" എം. വിൻസെന്റ്

" ടി.ജെ. വിനോദ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സുശീൽഖന്നയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതോടെ രണ്ട് വർഷത്തിനകം കെ.എസ്.ആർ.ടി.സി. ലാഭത്തിലാകുമെന്നും ശമ്പളവും പെൻഷനും മുടങ്ങില്ലെന്നും ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഉറപ്പ് പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 124 കോടി രൂപയായിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി, സർക്കാർ മുൻകൈയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടായി. കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി |

| | | | |
|---|---|---|---|
| | | | നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിതനിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം, സംസ്ഥാന സഹകരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ 2019 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും, തിരിച്ചടച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനു |
| | | | മായി ഇപ്പോൾ പ്രതിമാസം 20 കോടി രൂപയും ടി 1000 കോടി രൂപയിൽ നിന്നും അനുവദിച്ച് നൽകുന്നുണ്ട്. പുനരുദ്ധാരണ നടപടികളുടെ ഫലമായി, സർക്കാർ നൽകുന്ന വായ്പാ ധനസഹായം കൂടി കണക്കിലെടുത്താൽ, വരുമാനവും ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം ശരാശരി 30 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.<br>കോർപ്പറേഷനിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ നൽകുന്ന വായ്പാ ധനസഹായവും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി |

| | | | |
|---|---|---|---|
| | | | രൂപയിൽ നിന്നുമാണ് ശമ്പളം നൽകി വരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. ഇതും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ 20 കോടി രൂപയിൽ നിന്നുള്ള 16 കോടി രൂപയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്താണ് കഴിഞ്ഞ മാസങ്ങളിൽ ശമ്പളവും വേതനവും നൽകി വന്നത്. സമീപ വർഷങ്ങളിലുണ്ടായ പ്രളയം കാരണം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയം വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പനികൾക്കും, എസ്.ബി.ഐ ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേക്കായി, മാസംതോറും സർക്കാർ നൽകുന്ന വായ്പാ ധനസഹായത്തിൽ നിന്നും 2019 ജൂൺ മാസം മുതൽ തുക കുറവ് ചെയ്യേണ്ടി വന്നതും ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കടം എത്രയായിരുന്നു; നിലവിൽ അത് എത്രയാണ്; വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ നിലനിന്നിരുന്ന കടബാധ്യത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>ബസ്സ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലയേഴ്സിനും സിവിൽ കരാറുകാർക്കും, ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 330.54 കോടി രൂപയുടെ ബാധ്യതയുണ്ട്. 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 66.40 കോടി രൂപയും, വിവിധ ബാങ്കുകളിൽ നിന്നെടുത്ത വായ്പയുടെ |

| | | | |
|---|---|---|---|
| | | | ബാലൻസായി 2395.94 കോടി രൂപയും ചേർത്ത് സർക്കാർ വായ്പ ഒഴികെ 2792.88 കോടി രൂപയുടെ ബാധ്യത ഉണ്ടായിരുന്നു.<br><br>2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി. സി.യിൽ നിലനിൽക്കുന്ന കടബാധ്യത സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br>ബസ്സ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലയേഴ്സിനും സിവിൽ കരാറുകാർക്കും, ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാധ്യതയുണ്ട്. 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാധ്യത 54.40 കോടി രൂപയും, ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്സിന്റെ കുടിശ്ശികയിനത്തിൽ 12.75 കോടി രൂപയും, കൺസോർഷ്യം വായ്പയുടെ ബാലൻസായി 3043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം സർക്കാർ വായ്പ ഒഴികെ 3430.56 കോടി രൂപയുടെ ബാധ്യതയുണ്ട്. |
| (സി) | ഐ.ഒ.സി.ക്ക് നൽകുവാനുള്ള ഇന്ധനകുടിശ്ശിക നൽകുന്നതിനായി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ നൽകുന്ന ധനസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഓയിൽ കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി പ്രതിമാസം കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ നൽകുന്ന ധനസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2019 ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ കുടിശ്ശികകൾ തീർക്കുന്നതിനായി ആകെ 15.50 കോടി രൂപ കുറവ് ചെയ്തിട്ടുണ്ട്. |
| (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ 23% (പുതിയ സ്കെയിലിൽ 11%) ഡി.എ. കുടിശ്ശികയുണ്ട്. |

**സെക്ഷൻ ഓഫീസർ**